ഇടക്കാല സാമ്പത്തിക നയവും കർമ്മ പരിപാടിയും

4 (1799) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടക്കാല സാമ്പത്തിക നയവും കർമ്മ പരിപാടിയും ആവിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത നയരൂപീകരണം എന്ന് യാഥാർത്ഥ്യമാകുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഇടക്കാല സാമ്പത്തിക നയവും കർമ്മ പരിപാടിയും ആവിഷ്കരിക്കുകയും അതിൻപ്രകാരം ഇടക്കാല സാമ്പത്തിക പരിഷ്കരണ പരിപാടി (MTFRP) എന്ന പേരിൽ ഒരു സാമ്പത്തിക പരിഷ്കരണ പരിപാടി നടപ്പിലാക്കി വരികയും ചെയ്യുന്നു.

(ബി) ഇടക്കാല സാമ്പത്തിക നയവും കർമ്മ പരിപാടിയുമനുസരിച്ച് നടപ്പാക്കുന്ന ഇടക്കാല സാമ്പത്തിക പരിഷ്കരണ പരിപാടി (MTFRP) യുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്:-

- സംസ്ഥാന സർക്കാരിന്റെ ധനക്കമ്മിയും റവന്യൂ കമ്മിയും കുറയ്ക്കുക ;
- 2004-2005-ൽ ഡെബ്റ്റ് സർവ്വീസ് റവന്യൂ വരുമാനത്തിന്റെ 25% ആയി നിജപ്പെടുത്തുക ;
- സംസ്ഥാന ബഡ്ജറ്റിൽ നിന്നുള്ള സബ്സിഡികൾ ഓരോ വർഷവും 80 കോടി രൂപ അധികരിക്കാതെ നിജപ്പെടുത്തുക ;
- പുതുതായി എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നതു നിറുത്തി വയ്ക്കുക ;
- പൊതു മേഖലാ സ്ഥാപനങ്ങളുടെ ഉചിതമായ പുനഃസംഘടനയിലൂടെ സംസ്ഥാന ബഡ്ജറ്റിൽ അധിക ബാധ്യത വരാതെ അതിൽ നിന്നും അധിക വരുമാനം ലഭ്യമാക്കുക ;
- Tax GSDPഅനുപാതവും Non tax GSDP അനുപാതവും മെച്ചപ്പെടുത്തുക ;
- കഴിഞ്ഞ പദ്ധതി കാലങ്ങളിൽ പദ്ധതി നിർവ്വഹണത്തിനായി അനുവദിച്ച തസ്തികകൾ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രം തുടരുകയും അല്ലാത്തവ ഉചിത മേഖലകളിലേക്ക് പുനർ വിന്യാസം ചെയ്യുകയോ ഒഴിവാക്കുകയോ ചെയ്യുക ;

LIBRARY ARCHIVES Kerala Legislative Assembly

- സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് നഷ്ടം ഒഴിവാക്കി പ്രവർത്തിക്കുന്നതിനും സംസ്ഥാന ബഡ്ജറ്റിൽ അധിക ബാധ്യത ഉണ്ടാകാതിരിക്കുവാനുമുള്ള നടപടികളെടുക്കുക ;

(സി) യാഥാർത്ഥ്യമായിക്കഴിഞ്ഞു.

വെയ്സ് ആന്റ് മീൻസ് ക്ലിയറൻസിനുവേണ്ടി സമർപ്പിക്കപ്പെട്ട അപേക്ഷകൾ

5 (1800) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം നാളിതുവരെ ധനകാര്യ വകുപ്പിൽ വെയ്സ് ആന്റ് മീൻസ് ക്ലിയറൻസിനു വേണ്ടി എത്ര അപേക്ഷകൾ ലഭിക്കുകയുണ്ടായി എന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ എത്ര കേസ്സുകളിൽ ക്ലിയറൻസ് നൽകുകയുണ്ടായി ;

(സി) ധനകാര്യ വകുപ്പു മന്ത്രിയുടെ പ്രത്യേക ഉത്തരവുമൂലം വെയ്സ് ആന്റ് മീൻസ് ക്ലിയറൻസ് നൽകിയ കേസ്സുകൾ എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 4693 അപേക്ഷകൾ ലഭിക്കുകയുണ്ടായി.

(ബി) 4523

(സി) ധനകാര്യമന്ത്രിയുടെ പ്രത്യേക ഉത്തരവിൻ പ്രകാരം വെയ്സ് ആന്റ് മീൻസ് ക്ലിയറൻസ് നൽകിയിട്ടില്ല.

നോൺ ടാക്സ് റവന്യൂ സെല്ലിന്റെ പ്രവർത്തനങ്ങൾ

6 (1801) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ധനകാര്യ വകുപ്പിന്റെ ഭാഗമായുള്ള നോൺ-ടാക്സ് റവന്യൂ സെല്ലിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ബി) നികുതിയേതര വരുമാന മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം ശുപാർശകളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിൽ ഏതെല്ലാം ശുപാർശകൾ സർക്കാർ സ്വീകരിച്ചുവെന്നും ഏതൊക്കെ ഇതിനകം നടപ്പിലാക്കിയെന്നും വെളിപ്പെടുത്തുമോ ;

(ഡി) നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ രണ്ടു വർഷത്തിനകം ഏതെല്ലാം മേഖലകളിൽ ഫീസും ചാർജും വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly